പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2729 | 18/06/2018 -ൽ മറുപടിയ്ക്ക്

## പൊതു വിദ്യാഭ്യാസ മേഖലയുടെ പെരുമയിൽ സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ<br>,, വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതു വിദ്യാഭ്യാസ മേഖലയുടെ വിജയത്തിലും പെരുമയിലും സമാന്തര വിദ്യാഭ്യാസ (ട്യൂട്ടോറിയൽ) സ്ഥാപനങ്ങളുടെ പങ്ക് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇല്ല |
| (ബി) സ്കൂളുകളിലെ അദ്ധ്യാപക രക്ഷകർതൃ സംഘടനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസ മേഖലയെപ്പറ്റി അറിവുള്ള വ്യക്തികൾ അദ്ധ്യാപക രക്ഷാകർതൃ സംഘടനയിലേക്ക് കടന്നു വരുന്നുണ്ടോ; | (ബി) അതാത് മേഖലയിൽ വിലയിരുത്തുന്നുണ്ട്. അറിവുള്ള വ്യക്തികൾ അദ്ധ്യാപക രക്ഷാകർതൃ സംഘടനയിലേക്ക് കടന്നു വരുന്നുണ്ട്. പി.ടി.എ. സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാ സ്കൂളുകളിലും പി.ടി.എ. പ്രവർത്തിക്കുന്നത്. |
| (സി) അദ്ധ്യാപകരുടെ ഹാജർ നിലവാരം, അദ്ധ്യാപന നിലവാരം, ഹൈടെക് സംവിധാനങ്ങളുടെ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ടോ; ആയത് കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കുമോ; | (സി) അദ്ധ്യാപകരുടെ ഹാജർ നിലവാരം, അദ്ധ്യാപന നിലവാരം എന്നിവ പരിശോധിക്കുന്നുണ്ട്. ഹൈടെക് സംവിധാനം വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള അവസ്ഥയിൽ കാര്യക്ഷമമാണ്. കൈറ്റ്- ന്റെ നേതൃത്വത്തിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് കൂടി ഹൈടെക് സംവിധാനങ്ങളുടെ ഉപയോഗം പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇരുന്നൂറിൽ അധികം പ്രവൃത്തി ദിനങ്ങൾ ഉണ്ടാകുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യ മാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | 2018-19 അധ്യയന വർഷത്തിൽ ശനിയാഴ്ചകൾ ഉൾപ്പെടെ കണ്ടെത്തി 200 പ്രവർത്തിദിനങ്ങൾ ഉൾപ്പെടുത്തി വിദ്യാഭ്യാസ കലണ്ടർ നടപ്പാക്കി യിട്ടുണ്ട്.<br>ഹയർ സെക്കന്ററിയിൽ ജൂൺ ആദ്യവാരം തന്നെ പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ